# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1490 | 06/03/2020 -ലെ മറുപടിയ്ക്ക്

### <u>ഇന്റേണൽ അസസ്മെന്റിന് മിനിമം മാർക്ക്</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. കെ.ജെ. മാക്സി | **ഡോ. കെ.ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് മികച്ച മാർക്കുവാങ്ങിയാലും ഇന്റേണലിന് മിനിമം മാർക്കിൽ ഒരു മാർക്ക് കുറഞ്ഞാൽ തോല്ക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് കുറയുന്നതു മൂലം പരീക്ഷകളിൽ പരാജയപ്പെടുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുവാൻ സർവ്വകലാശാലയിൽ ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസസ് (BASG) എന്ന സമിതി നിലവിലുണ്ട്. കൂടാതെ, സർവ്വകലാശാല വൈസ് ചാൻസലറുടെ ഓഫീസിന്റെ മേൽനോട്ടത്തിൽ ഒരു സ്റ്റുഡന്റ്സ് ഗ്രീവൻസസ് പോർട്ടലും പ്രവർത്തിക്കുന്നുണ്ട്. ഇതിന് ഒരു മുഴുവൻ സമയ നോഡൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ ടി സമിതികളിൽ സമർപ്പിച്ച് ഇന്റേണൽ അസസ്സ്മെന്റിനെ സംബന്ധിച്ച തീർപ്പ് കല്പിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | അദ്ധ്യാപകർ പല കാരണങ്ങളാൽ ഇന്റേണലിന് മാർക്കു നല്കാതെ വിദ്യർത്ഥികളെ തോല്പിക്കുന്ന പ്രവണത ഒഴിവാക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് വേണ്ടി കോളേജ് തലത്തിൽ പരാതി പരിഹാര സമിതികളും സർവ്വകലാശാല തലത്തിൽ അപ്പലേറ്റ് ഫോറവും പ്രവർത്തിക്കുന്നുണ്ട്. പരാതി പരിഹാര സെൽ മുഖാന്തിരം വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ പരമാവധി ശ്രമിക്കുന്നുണ്ട്. |
| (സി) | എഞ്ചിനീയറിംഗ്, നിയമം, മെഡിക്കൽ വിദ്യാഭ്യാസരംഗം ഉൾപ്പെടെയുള്ള മേഖലകളിൽ നടമാടുന്ന ഈ ദുഷ്പ്രവണത ഒഴിവാക്കാൻ ഇന്റേണൽ അസസ്സ്മെന്റിന് മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | എഞ്ചിനീയറിംഗ്, നിയമം മുതലായ കോഴ്സുകൾക്ക് കേരള, മഹാത്മാ ഗാന്ധി, കാലിക്കറ്റ്, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഇന്റേണലിന് മിനിമം മാർക്ക് നിബന്ധനയില്ല. എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക്കിന്റെ പുതുക്കിയ റെഗുലേഷൻ പ്രകാരം ഇന്റേണൽ അസസ്സ്മെന്റിന് മിനിമം മാർക്ക് നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ബിരുദ കോഴ്സുകളുടെ പുതുക്കിയ റെഗുലേഷൻ പ്രകാരം ഇന്റേണൽ അസസ്സ്മെന്റിന് മിനിമം മാർക്ക് വേണമെന്ന നിബന്ധനയില്ല. |

[signature]

സെക്ഷൻ ഓഫീസർ